**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 223** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആശുപത്രി ജീവനക്കാരുടെ പരിരക്ഷയുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിയമപരമായി ലഭിക്കുന്ന പരിരക്ഷ ആരോഗ്യ വകുപ്പ് ജീവനക്കാർ ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തിരൂരങ്ങാടി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 052/2025 എഫ്.ഐ.ആർ കേസ് അത്തരത്തിലുള്ളതാണോ; വ്യക്തമാക്കുമോ; | (ബി) | തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം 052/2025 നമ്പർ കേസ് ആരോഗ്യ വകുപ്പ് ജീവനക്കാർ നിയമപരമായ പരിരക്ഷ ദുരുപയോഗം ചെയ്ത് സമർപ്പിച്ച പരാതി അല്ല എന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. 08.01.2025 -ൽ 20.53-നും 21.04 -നും ഇടയിലുള്ള സമയം ഡോക്ടറായ ആവലാതിക്കാരി മെഡിക്കൽ ഓഫീസറായി ജോലി ചെയ്തു വരുന്ന തിരൂരങ്ങാടി സർക്കാർ താലൂക്ക് ആശുപത്രി കാഷ്വാലിറ്റിയിൽ വച്ച് ടോക്കൺ നമ്പർ 136 ആയിരുന്ന രോഗിയുടെ ബൈസ്റ്റാൻഡർ ആയ കണ്ടാലറിയാവുന്ന പ്രതി ആവലാതിക്കാരിയുടെ ഡ്യൂട്ടി ചോദ്യം ചെയ്യുകയും ചികിത്സയ്ക്കായി വന്ന മറ്റ് രോഗികളെ ചികിത്സിക്കാൻ സമ്മതിക്കാതെ ഉറക്കെ ബഹളം വെച്ച് അവലാതിക്കാരിയുടെ ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തുകയും ചെയ്ത കാര്യത്തിന് ആവലാതിക്കാരിയായ ഡോക്ടറുടെ മൊഴി പ്രകാരം തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം 52/25 U/s 132 BNS & 4 of Kerala Healthcare Service Persons & Health Care Service Institution Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിന്റെ പ്രാഥമികാന്വേഷണത്തിൽ പ്രതി ആവലാതിക്കാരിയായ ഡോക്ടറുടെ ഡ്യൂട്ടി ചോദ്യം ചെയ്യുകയും ചികിത്സക്കായി വന്ന മറ്റ് രോഗികളെ ചികിത്സിക്കാൻ സമ്മതിക്കാതെ ഉറക്കെ ബഹളം വെച്ച് ആവലാതിക്കാരിയുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതായി വെളിവായിട്ടുള്ളതാണ്. ഈ കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. ഈ കേസ് നിലവിൽ അന്വേഷണാവസ്ഥയിൽ ആണ്. |

| | | | |
|---|---|---|---|
| (സി) | തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഈ വിഷയവുമായി ബന്ധപ്പെട്ട് സി.സി.ടി.വി.യോ കേസിലെ സാക്ഷിമൊഴി പകർപ്പോ പരിശോധിച്ചിരുന്നോ; വിശദമാക്കുമോ? | (സി) | CCTV ദൃശ്യങ്ങൾ ലഭിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ടിന് പോലീസ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. CCTV ദൃശ്യങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ഈ കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ 8 സാക്ഷികളെ നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ